File No.LSGD-DC2/83/2019-LSGD

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ചീഫ് ടൌൺ പ്ലാനർ (പ്ലാനിംഗ്)-ന് ഡെറാഡൂണിലെ സർവേയർ ജനറലിന്റെ കാര്യാലയത്തിലെ കോൺഫെറൻസ് ഹാളിൽ 21/05/2019-ന് ചേരുന്ന മീറ്റിംഗിൽ പങ്കെടുക്കുന്നതിന്- അനുമതി നൽകി -ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ.(സാധാ) നം.964/2019/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 10/05/2019

പരാമർശം:-1 കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം (AMRUT-IIA)-ൽ നിന്നും പുറപ്പെടുവിച്ച 26/09/2018 ലെ K-14031/5/2016-AMRUT(CB)- Part (2) നമ്പർ കത്ത്

2 സ.ഉ.(സാധാ)നം. 2759/2018/തസ്വഭവ തീയതി 28/10/2018

3 ചീഫ് ടൌൺ പ്ലാനർ (പ്ലാനിംഗ്)-ന്റെ 22.04.2019 ലെയും, 04.05.2019 ലെയും F/9318 /2018 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

അമൃത് പദ്ധതിയുടെ ഒരു സബ് സ്കീമാണ് "GIS based Master Plan for AMRUT Cities'. പരാമർശം(2)ഉത്തരവ് പ്രകാരം Town and Country Planning Department-നെ ഈ സബ് സ്കീമിന്റെ നോഡൽ എജൻസിയായും ചീഫ് ടൌൺ പ്ലാനർ (പ്ലാനിംഗ്)-നെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.'

2.ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ GIS അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കലുമായി ബന്ധപ്പെട്ട് ഡ്രോൺ/ UAV ടെക്നോളജി ഉപയോഗിക്കുന്നതിനുള്ള Design and Standards തയ്യാറാക്കുന്നതിനായി കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ചീഫ് ടൌൺ പ്ലാനർ (പ്ലാനിംഗ്) ഒരംഗമാണ്.

3.'സർവ്വേ ഓഫ് ഇൻഡ്യ' ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ GIS അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കലുമായി ബന്ധപ്പെട്ട് ഡ്രോൺ/UAV ടെക്നോളജി ഉപയോഗിക്കുന്നതിനുള്ള Design and Standards

തയ്യാറാക്കുന്നതിനായി ഒരു "Authoring Committee' രൂപീകരിക്കുകയും ഈ കമ്മിറ്റി ഒരു കരട് Design and Standards തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ Authoring Committee സമർപ്പിച്ചിട്ടുള്ള കരട് ചർച്ച ചെയ്യുന്നതിനും, സംസ്ഥാന നഗര ഗ്രാമാസൂത്രണ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇത് സംബന്ധിച്ചുള്ള ഉത്തരവാദിത്തങ്ങളും ചുമതലകളും നിശ്ചയിക്കുന്നതിനും ഡെറാഡൂണിലെ സർവേയർ ജനറലിന്റെ കാര്യാലയത്തിലുള്ള കോൺഫെറൻസ് ഹാളിൽ വച്ച് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം രൂപീകരിച്ചിട്ടുള്ള പ്രസ്തുത കമ്മിറ്റിയുടെ ആദ്യത്തെ മീറ്റിംഗ് 10/05/2019-ന് ചേരാൻ തീരുമാനിച്ചിരുന്നു. ഈ മീറ്റിംഗിൽ പങ്കെടുക്കുന്നതിന് അനുമതി നൽകണമെന്ന് ചീഫ് ടൌൺ പ്ലാനർ (പ്ലാനിംഗ്) പരാമർശം(3)കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് പരാമർശം(4)-ലെ കത്ത് പ്രകാരം പ്രസ്തുത പരിപാടി ചില സാങ്കേതിക കാരണങ്ങളാൽ 21/05/2019 ലേക്ക് മാറ്റി വച്ചുവെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൌൺ പ്ലാനർ (പ്ലാനിംഗ്)-ന് ഡെറാഡൂണിലെ സർവേയർ ജനറലിന്റെ കാര്യാലയത്തിലെ കോൺഫെറൻസ് ഹാളിൽ 21/05/2019-ന് ചേരുന്ന പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുന്നതിനും, ഇതിനായി ഡെറാഡൂൺ വരെയും തിരികെയും വിമാനയാത്ര ചെയ്യുന്നതിനും, ഇതിന് വേണ്ടി വരുന്ന തുക അമൃത് പട്ടണങ്ങളുടെ GIS അധിഷ്ഠിത മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിലേക്കായി ലഭ്യമാക്കിയിട്ടുള്ള കേന്ദ്ര ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SINDHU. L.

**സ്പെഷ്യല് സെക്രട്ടറി**

ചീഫ് ടൌൺ പ്ലാനർ (പ്ലാനിംഗ്),തിരുവനന്തപുരം

മിഷൻ ഡയറക്ടർ,അമൃത്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)

ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid

Digitally signed by SMITHA B CHANDRA
Date: 2019.05.13 12:22:29 IST
Reason: Approved

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ